**പതിമൂന്നാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1875 — 07/12/2015 ൽ മറുപടി നൽകേണ്ടിയിരുന്നത്

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

**ചോദ്യം**

**ശ്രീ. സി. കൃഷ്ണൻ**

**ഉത്തരം**

**ശ്രീ. ഉമ്മൻ ചാണ്ടി**
**(മുഖ്യമന്ത്രി)**

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവായാൽ എത്ര ദിവസത്തിനുള്ളിൽ തുക വിതരണം ചെയ്യാൻ കഴിയുമെന്നും ഇത് സംബന്ധിച്ച് എന്തെങ്കിലും മാനദണ്ഡങ്ങൾ ഉണ്ടോയെന്നും വ്യക്തമാക്കുമോ;

(എ) ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യവും ഫണ്ടിന്റെ അപര്യാപ്തതയും മൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്ത് പറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ധനസഹായം ലഭിക്കുന്നതിനുള്ള ഉത്തരവായിട്ടും എത്ര തുക കുടിശ്ശികയാണെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ?

(ബി)

| ജില്ല | തുക |
|---|---|
| തിരുവനന്തപുരം | 2,97,00,000 |
| കൊല്ലം | 4,29,19,000 |
| പത്തനംതിട്ട | 2,46,29,000 |
| ആലപ്പുഴ | 6,63,04,000 |
| കോട്ടയം | 9,86,06,500 |
| ഇടുക്കി | 2,24,80,538 |
| എറണാകുളം | 11,76,52,000 |
| തൃശ്ശൂർ | 98,50,500 |
| പാലക്കാട് | 2,89,70,782 |
| മലപ്പുറം | 2,60,91,987 |
| കോഴിക്കോട് | 1,79,37,500 |
| വയനാട് | 50,00,000 |
| കണ്ണൂർ | ഇല്ല |
| കാസർഗോഡ് | 1,62,51,500 |

സെക്ഷൻ ഓഫീസർ